ഗ്യാസ് സിലിണ്ടർ ഉള്ളവർക്ക് മണ്ണെണ്ണ നൽകുന്ന നടപടി

122 (123) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രണ്ട് ഗ്യാസ് സിലിണ്ടർ ഉള്ളവർക്ക് മണ്ണെണ്ണ നൽകേണ്ടതില്ല എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തെ സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) പല റേഷൻ കടക്കാരും രണ്ട് ഗ്യാസ് സിലിണ്ടർ ഉള്ളവർക്ക് പെർമിറ്റ് പ്രകാരമുള്ള മണ്ണെണ്ണ നൽകാതിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) രണ്ട് സിലിണ്ടർ ഉള്ളവർക്കും പ്രതിമാസം 3 ലിറ്റർ മണ്ണെണ്ണ നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഇ) രണ്ടും അതിലധികവും സിലിണ്ടർ ഉള്ളവർ വസ്തുത മറച്ചുവച്ച് പെർമിറ്റ് വാങ്ങി കൂടുതൽ മണ്ണെണ്ണ വാങ്ങുന്നതായി അറിയാമോ ;

(എഫ്) മണ്ണെണ്ണയുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് സർക്കാർതലത്തിൽ ആവശ്യമായ പരിശോധന നടത്തുമോ ?

ഉത്തരം

(എ) 1-3-2000 മുതൽ രണ്ട് ഗ്യാസ് സിലിണ്ടറുകൾ ഉള്ളവരുടെ പാചകാവശ്യത്തിനുള്ള മണ്ണെണ്ണ പെർമിറ്റുകൾ പ്രകാരമുള്ള മണ്ണെണ്ണ നൽകേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) രണ്ട് സിലിണ്ടർ ഉള്ളവർക്ക് കാർഡുപ്രകാരം വൈദ്യുതീകരിക്കാത്ത വീടുകൾക്ക് 5 ലിറ്റർ വീതവും വൈദ്യുതീകരിച്ചവയ്ക്ക് 2 ലിറ്റർ വീതവും മണ്ണെണ്ണ നൽകിവരുന്നു. ഇത് തുടർന്നും നൽകാവുന്നതാണെന്ന് ഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) നിലവിലുള്ള പരിശോധന സംവിധാനം ശക്തമാക്കിയിട്ടുണ്ട്.

മണ്ണെണ്ണ പെർമിറ്റ് റദ്ദാക്കൽ നടപടി

123 (124) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്യാസ് കണക്ഷൻ ഉള്ളവർക്ക് പാചകാവശ്യത്തിനനുവദിച്ചിട്ടുള്ള മണ്ണെണ്ണ പെർമിറ്റ് റദ്ദാക്കുവാൻ ഉത്തരവ് നൽകിയിട്ടുള്ളതായി അറിയാമോ ;

LIBRARY ARCHIVES Kerala Legislative Assembly